ഭാരതമാതാ

ജവഹർലാൽ നെഹ്രു

(വിവ. സി. എച്ച്. കുഞ്ഞപ്പ)



ഭാരതമാതാ

ജവഹർലാൽ നെഹ്രു

(വിവ. സി. എച്ച്. കുഞ്ഞപ്പ)
(മലയാളം: വിവർത്തനം)

© 2026, C H Kunhappa

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeLaTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Jawaharlal Nehru in the Netherlands, 1957, a phototgraph by Harry Pot. The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

ഭാരതമാതാ


ഒരു പൊതുയോഗത്തിൽ നിന്ന് മറ്റൊന്നിലേക്കായി ഞാൻ അങ്ങനെ അലഞ്ഞു കൊണ്ടിരിക്കെ, നമ്മുടെ ഈ ഇന്ത്യയെ, ഹിന്ദുസ്ഥാനത്തെ, ഭാരതത്തെ പുരാവൃത്തമനുസരിച്ച് നമ്മുടെ വംശസ്ഥാപകനിൽ നിന്നു സിദ്ധിച്ച പഴയ സംസ്കൃത നാമമാണിത്—കുറിച്ച് ഞാൻ എന്റെ ശ്രോതാക്കളോടു സംസാരിക്കും. നഗരങ്ങളിൽ ചുരുക്കമായേ അങ്ങനെ ചെയ്യുകയുള്ളൂ; കാരണം, അവിടെ ശ്രോതാക്കൾ കൂടുതലും കൂടുതൽ വിജ്ഞാനമന്യന്മാരാണ്. അവർക്കു കൂടുതൽ കനത്ത ഭക്ഷണം വേണം, എന്നാൽ പരിമിതദൃഷ്ടിയായ കർഷകനോടു ഞാൻ ഈ മഹാരാജ്യത്തെക്കുറിച്ച്—അതിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടിയാണല്ലോ നാം പോരാടുന്നത്—സംസാരിച്ചു. ഓരോ ഭാഗവും അന്യത്തിൽ നിന്നു ഭിന്നമെങ്കിലും ഇന്ത്യയായിത്തന്നെ ഇരിക്കുന്നുവെന്ന വസ്തുത, വടക്കുനിന്ന് തെക്കോളവും കിഴക്കുനിന്ന് പടിഞ്ഞാറോളവുമുള്ള കർഷകരുടെ പൊതുപ്രശ്നങ്ങൾ, സ്വരാജ്—അത് എല്ലാവർക്കും എല്ലാ ഭാഗത്തിനും വേണ്ടിയുള്ളതാവാനേ നിവൃത്തിയുള്ളൂ. ചിലർക്കും ചില ഭാഗങ്ങൾക്കും മാത്രമുള്ളതാവില്ല—ഇവയെല്ലാം ഞാൻ വിവരിച്ചുപറഞ്ഞു. വിദൂരമായ വടക്കുപടിഞ്ഞാറുള്ള കൈബർ ചുരം മുതൽ അകലെ തെക്കെ അറ്റത്ത് കന്യാകുമാരിവരെയുള്ള എന്റെ യാത്രയെപ്പറ്റി ഞാനവരോടു പറഞ്ഞു. എല്ലായിടത്തും കർഷകർ എന്നോട് ഒരേ ചോദ്യങ്ങൾ തന്നെയാണ് ചോദിച്ചത്. എന്തുകൊണ്ടെന്നാൽ, അവരുടെ സങ്കടങ്ങൾ ഒന്നു തന്നെയായിരുന്നു—ദാരിദ്ര്യം, കടം, നിക്ഷിപ്ത താത്പര്യങ്ങൾ, ഭൂമിയുടമസ്ഥന്മാർ, പണമിടപാടുകാരൻ, കനത്ത പാട്ടവും നികുതിയും, പോലീസ് ദ്രോഹം; ഇതെല്ലാം വിദേശ ഗവൺമെന്റ് നമ്മുടെ മേൽ നിർബന്ധമായി വെച്ചുകെട്ടിയ ചട്ടക്കൂടിൽ പൊതിഞ്ഞിരിക്കയും. ഇതിൽ നിന്നാശ്വാസം എല്ലാവർക്കും കിട്ടണം. അവരെക്കൊണ്ട് ഇന്ത്യയെക്കുറിച്ചു സമഗ്രമായി ചിന്തിപ്പിക്കുവാൻ ഞാൻ ശ്രമിച്ചു; കുറച്ചൊക്കെ നമ്മുടെ ഈ വിശാലലോകത്തെക്കുറിച്ചുകൂടിയും, അതിന്റെ ഒരംശം മാത്രമാണല്ലോ നമ്മൾ. ചീനയിലേയും, സ്പെയിനിലേയും, അബിസ്സീനിയയിലേയും, മദ്ധ്യയൂറോപ്പിലേയും, ഈജിപ്തിലേയും പശ്ചിമേഷ്യൻ രാജ്യങ്ങളിലേയും സമരത്തെ ഞാൻ എന്റെ പ്രസംഗങ്ങളിലേക്ക് കൊണ്ടുവന്നു. സോവിയറ്റ് യൂനിയനിലെ അത്ഭുതകരങ്ങളായ മാറ്റങ്ങളേയും അമേരിക്കയിലുണ്ടായ വമ്പിച്ച പുരോഗതിയേയും കുറിച്ച് ഞാൻ അവരോടു പറഞ്ഞു. ഇതൊരു എളുപ്പമായ ജോലിയായിരുന്നില്ല. എന്നാൽ ഞാൻ കരുതിയിരുന്നപോലെ അത്രവിഷമവുമായിരുന്നില്ല. എന്തുകൊണ്ടെന്നാൽ, തങ്ങൾക്കു വളരെ നന്നായറിയുന്ന പുരാണേതിഹാസങ്ങളും പഴങ്കഥകളും മുഖേന സ്വന്തം നാട്ടിനെക്കുറിച്ച് അവർക്ക് സുസ്പഷ്ടമായ ഒരു സങ്കല്പം സിദ്ധിച്ചിരുന്നു. ഇന്ത്യയുടെ നാലറ്റത്തുമായി സ്ഥിതിചെയ്യുന്ന മഹാപുണ്യദേശങ്ങളിൽ തീർഥാടനം നടത്തി വിപുലമായ രാജ്യസഞ്ചാരം സാധിച്ചിരുന്ന ചിലർ എല്ലായ്പോഴും ഈ പൊതുയോഗങ്ങളിൽ ഉണ്ടായിരിക്കുകയും ചെയ്യും. അല്ലെങ്കിൽ, ഒന്നാം ലോക യുദ്ധത്തിലോ, മറ്റു സമര സന്നാഹങ്ങളിലോ പങ്കുകാരായി മറുനാടുകളിൽ സേവനം നിർവഹിച്ചിട്ടുള്ള പഴയ പട്ടാളക്കാരുണ്ടാവും. നാലാം ദശകത്തിലെ മഹാമാന്ദ്യത്തിന്റെ ഫലമായി, മറുനാടുകളെക്കുറിച്ചുള്ള എന്റെ പ്രസ്താവങ്ങൾപോലും അവരുടെ ഉള്ളിൽ തട്ടുന്നതിനിടയായി.

ചിലപ്പോൾ ഞാൻ ഒരു സമ്മേളനത്തിലെത്തുമ്പോഴേക്കും സ്വാഗത വാക്യത്തിന്റെ ഒരു മഹാരവം എന്നെ അഭിവാദ്യം ചെയ്യും; 'ഭാരതമാതാ കീ ജയ്' ആ ജയ ഘോഷത്തിന്റെ അർഥമെന്താണെന്ന് അവർ നിനച്ചിരിക്കാത്ത ഒരു ചോദ്യം ഞാൻ അവരോടു ചോദിക്കും. അവർ വിജയം നേരുന്ന ഈ ഭാരതമാതാവ് ആരാണ്? എന്റെ ചോദ്യം അവരെ രസിപ്പിക്കും, അമ്പരപ്പിക്കും. എന്നിട്ട് എന്താണ് ഉത്തരം പറയേണ്ടതെന്നറിയാതെ അവർ അന്യോന്യവും പിന്നീട് എന്നെയും നോക്കും. ഞാനെന്റെ ചോദ്യം വിടുകയില്ല. ഒടുക്കം ഓർമിക്കാനാരുമാത്തതു തലമുറകൾക്ക് മുമ്പുമുതലേ മണ്ണിൽ കളിച്ചുപുളച്ചു കഴിയുന്ന ഒരുന്മേഷശാലിയായ ജാട്ട് പറയും. "ധർത്തീ"—ഇന്ത്യയുടെ പവിത്രമായ മണ്ണ് എന്ന്. എന്തു മണ്ണ്? തങ്ങളുടെ സ്വന്തം ഗ്രാമത്തിലെ മണ്ണോ? ജില്ലയിൽ, സംസ്ഥാനത്തിൽ, ഇന്ത്യയിലാകെ, എങ്ങുമുള്ള മണ്ണോ? അങ്ങനെ ചോദ്യവും ഉത്തരവും തുടർന്നുപോകും. ഒടുവിൽ ക്ഷമകെട്ട് അതിനെക്കുറിച്ചൊക്കെ വിസ്തരമായി പറഞ്ഞുകൊടുക്കാൻ അവർ എന്നോടാവശ്യപ്പെടും. അങ്ങനെ ചെയ്യാൻ ഞാൻ ശ്രമിക്കും. അവരുടെ വിചാരപരിധിയിൽപ്പെട്ട ഇതൊക്കെ ഇന്ത്യയാണ്. പക്ഷേ, ഇന്ത്യ അതിലും വളരെ കൂടുതലാണ് എന്ന് ഞാൻ വിവരിക്കും. ഇന്ത്യയിലെ പർവതങ്ങളും നദികളും വനങ്ങളും നമുക്കു ഭക്ഷണം തരുന്ന വിശാലമായ വയലുകളും എല്ലാം നമുക്കു പ്രിയപ്പെട്ടവതന്നെ. പക്ഷേ, എല്ലാറ്റിലുമേറെയായി ഗണിക്കേണ്ടത് ഇന്ത്യയിലെ ജനതയേയാണ്. അവരെയും എന്നേയും പോലുള്ള ആളുകൾ. അവരാകട്ടെ ഈ പരന്ന നാട്ടിൽ മുഴുക്കെ വ്യാപിച്ചുകിടക്കുകയും ചെയ്യുന്നു. സാരമായി നോക്കിയാൽ ഈ കോടിക്കണക്കിലുള്ള ജനമാണ് ഭാരതമാതാവ്. അവരുടെ ജയമെന്നുവെച്ചാൽ ഈ ജനത്തിന്റെ ജയമെന്നാണർത്ഥം. നിങ്ങൾ ഈ ഭാരതമാതാവിന്റെ അംശങ്ങളാണ്. ഒരു വിധത്തിൽ നിങ്ങൾതന്നെയാണ് ഭാരതമാതാവ് എന്നു ഞാൻ അവരോടു പറയും. ഈ ആശയം പതുക്കെ അവരുടെ തലച്ചോറിൽ കിനിഞ്ഞു ചെന്നെത്തുമ്പോൾ, ഒരു വമ്പിച്ചകണ്ടുപിടിത്തം സാധിച്ചാലത്തെപ്പോലെ അവരുടെ കണ്ണുകൾ പ്രകാശിക്കും.

□

ജവഹർലാൽ നെഹ്റുവിന്റെ Discovery of India എന്ന ഗ്രന്ഥത്തിന്റെ മലയാളവിവർത്തനത്തിൽ നിന്ന് അന്വേഷണം എന്ന മൂന്നാം അദ്ധ്യായത്തിലെ ഒരു ഭാഗം. (ഇന്ത്യയെ കണ്ടെത്തൽ എന്ന സി എച്ച് കുഞ്ഞപ്പയുടെ വിവർത്തനത്തിൽ നിന്ന്) പുസ്തകം പൂർണ്ണരൂപത്തിൽ വൈകാതെ പ്രസിദ്ധീകരിക്കുന്നതാണ്—സായാഹ്ന പ്രവർത്തകർ

സി എച്ച് കുഞ്ഞപ്പ



സി. എച്ച്. കുഞ്ഞപ്പ കണ്ണൂർ ജില്ലയിലെ പെരളശ്ശേരിയിൽ കോവിലകത്ത് കൃഷ്ണൻ തങ്ങളുടെയും ചന്ത്രോത്ത് ലക്ഷ്മിയമ്മയുടെയും മകനായി 1907 ജൂൺ 12-ന് ജനിച്ചു. പെരളശ്ശേരി പ്രൈമറി സ്കൂൾ, തലശ്ശേരി മിഡിൽ സ്കൂൾ, ബ്രണ്ണൻ കോളേജ്, എറണാകുളം മഹാരാജാസ് കോളേജ് എന്നിവിടങ്ങളിൽ പഠിച്ചു. രസതന്ത്രം ഐച്ഛികവിഷയമായി ബി. എ. ബിരുദം നേടി. മൂടാടി ഹരിജൻ സ്കൂളിൽ അദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ചു. 1930 ഏപ്രിൽ 1-ന് മാതൃഭൂമി പത്രത്തിൽ ജോലിക്കു ചേർന്നു. വി. ആർ. നായനാർ, സഞ്ജയൻ തുടങ്ങിയവരുമായി അടുത്ത സൗഹൃദം പുലർത്തി. കോൺഗ്രസ്സ് ആശയത്തോടു് യോജിച്ചു പ്രവർത്തിച്ച എങ്കിലും അദ്ദേഹം കോൺഗ്രസ്സ് അംഗത്വം സ്വീകരിച്ചില്ല. പത്രപ്രവർത്തകന്റെ നിഷ്പക്ഷത കാത്തു സൂക്ഷിക്കാൻ പാർട്ടി അംഗത്വം തടസ്സമാവരുതു് എന്നു് അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വാതന്ത്ര്യത്തിനും ഹരിജനോദ്ധാരണത്തിനും വേണ്ടി പ്രവർത്തിച്ച കെ. കേളപ്പന്റെ മരുമകളായ ദേവകിയമ്മയെ 1936-ൽ വിവാഹം കഴിച്ചു. മക്കൾ ലക്ഷ്മി ശാസ്തി, മീര പാലാട്ട്. ജവഹർലാൽ നെഹ്റുവിന്റെ ആത്മകഥയുടെ വിവർത്തനം അദ്ദേഹത്തെ കൂടുതൽ ശ്രദ്ധേയനാക്കി. മാതൃഭൂമിയിൽ നിന്നു വിരമിച്ചതിനു ശേഷമാണ് സ്മരണകൾ മാത്രം എന്ന ആത്മകഥ രചിച്ചതു്. 1980 ജൂലൈ 16-ന് അന്തരിച്ചു.

കൃതികൾ: ജവഹർലാൽ നെഹ്റുവിന്റെ ആത്മകഥ, ഇന്ത്യയെ കണ്ടെത്തൽ, വിലയിടിയുന്ന ഉറുപ്പിക, വിഭക്തഭാരതം, പ്രപഞ്ചവും ഐൻസ്റ്റൈനും, നെഹ്റുവിന്റെ ലോകം (തർജ്ജമ) സ്മരണകൾ മാത്രം.

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, റിവർ വാലി ക്യാംപസ്, മലയിൻകീഴ്, തിരുവനന്തപുരം, ഇന്ത്യ 695571
URL: <books.sayahna.org>